# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.899

28.04.2017-ൽ
മറുപടിക്ക്

## രജിസ്ട്രേഷൻ നടപടികളിൽ മാന്ദ്യം

| ചോദ്യം<br>ശ്രീ.ഒ. ആർ. കേളു | | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ നടപടികളിൽ നോട്ടുനിരോധനം മൂലം മാന്ദ്യം ഉണ്ടായിട്ടുള്ള സാഹചര്യം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) യും ബി) യും | ഉണ്ട്. 2016-17 സാമ്പത്തിക വർഷം നോട്ട് നിരോധനത്തിനു മുമ്പുള്ള കാലയളവിൽ (2016 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) പ്രതിമാസ ശരാശരി നികുതി വരുമാനം 220.98 കോടി രൂപയായിരുന്നു. നോട്ട് നിരോധനമുണ്ടായിരുന്ന കാലയളവിൽ (2016 നവംബർ മുതൽ 2017 ജനുവരി വരെ) പ്രതിമാസ ശരാശരി നികുതി വരുമാനം 175.87 കോടി രൂപയായി കുറഞ്ഞു. നോട്ട് നിരോധനത്തിനു ശേഷം (2016 നവംബർ മുതൽ 2017 മാർച്ച് വരെ) പ്രതിമാസ ശരാശരി നികുതി വരുമാനം 221.37 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. നോട്ട് നിരോധനത്തിന് ശേഷമുള്ള കാലയളവിൽ സംസ്ഥാനത്തെ രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയിൽ ഉണ്ടായ കുറവ് നിലവിൽ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) നോട്ടുനിരോധനത്തിന് ശേഷമുള്ള കാലയളവിൽ സംസ്ഥാനത്തെ രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയിൽ ഉണ്ടായ കുറവ് എത്രയായിരുന്നുവെന്നും ആയത് പരിഹരിക്കുന്നതിന് ഇപ്പോൾ കഴിഞ്ഞിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ